കൺസൂക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ

192 (4183) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസൂക്ഷൻ കോർപ്പറേഷൻ നിർമ്മാണം ഏറ്റെടുത്ത എത്ര പ്രവൃത്തികൾക്ക് RE പാസ്സാക്കി നൽകിയിട്ടുണ്ടെന്നും ഇതെത്ര ശതമാനം വരെ എന്നും ജില്ല തിരിച്ചും പ്രവൃത്തി തിരിച്ചും വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ സബ് കോൺട്രാക്ട് ലഭിച്ചവരാരൊക്കെ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസൂക്ഷൻ കോർപ്പറേഷൻ നിർമ്മാണം ഏറ്റെടുത്തതും, ആർ.ഇ. പാസാക്കിയതും, പുതുക്കിയ എസ്റ്റിമേറ്റിന്റെ അധിക നിരക്ക് ശതമാനത്തിലും, സബ് കോൺട്രാക്ട് ലഭിച്ചവരെ സംബന്ധിച്ചുള്ള വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

ചങ്ങനാശ്ശേരിയിൽ ഭവനനിർമ്മാണ വകുപ്പിന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്താൻ നടപടി

193 (4184) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ റവന്യൂ ടവറിനു സമീപം കേരള സംസ്ഥാന ഭവനനിർമ്മാണ വകുപ്പിന്റെ സ്ഥലം വർഷങ്ങളായി പ്രയോജന രഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലത്ത് ജനോപകാരപ്രദമായ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ എത്രയും വേഗം നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ റവന്യൂ ടവറിന് സമീപം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ 74.50 സെന്റ് സ്ഥലം ഉണ്ട്. ടി. സ്ഥലത്ത് അനുയോജ്യമായ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം ബോർഡ് രൂപീകരിച്ചിട്ടുള്ള സബ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly